LIBRARY ARCHIVES Kerala Legislative Assembly

വാമനപുരം മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പദ്ധതികൾ

47(310) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രത്യേക വികസനനിധി പ്രകാരം ഓരോ വർഷവും ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതൊക്കെയാണ്; അവയിൽ ഏതെല്ലാം പദ്ധതികൾ പൂർത്തിയായിട്ടുണ്ട്; ഇനി പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പ്രാദേശിക വികസന ഫണ്ട്

48(311) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് (എസ്.ഡി.എഫ്.) നടത്തുന്ന പ്രവൃത്തികളിൽ ടെണ്ടർ സേവിംഗ്സ് ഉപയോഗിക്കുന്നതിന് നിലവിൽ തടസ്സമുണ്ടോ; എങ്കിൽ ഏത് ഉത്തരവ് പ്രകാരമാണ് ഫണ്ട് ഉപയോഗിക്കാൻ അനുവാദം നല്കിയത്; പ്രസ്തുത സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും വ്യക്തമാക്കുമോ?

ഉണ്ട്. എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ.(അച്ചടി) നമ്പർ 161/2017/ധന. പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല.

കൊടുവള്ളി -പ്രാദേശിക വികസന ഫണ്ട് (SDF)

49(313) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19, 2019-20, 2020-21 വർഷത്തിൽ കൊടുവള്ളി നിയോജകമണ്ഡലത്തിൽ SDF-ൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാം; ഏത്ര തുക വീതമാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിവരം ലഭ്യമാക്കുമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു* .

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.